കവർസ്റ്റോറി

കെ.ടി ഹുസൈൻ

# ആത്മീയതയുടെ വിമോചന ഉള്ളടക്കം

**ഒരു** ദർശനമെന്ന നിലയിൽ ഭൗതികവാദത്തിന്റെ പരാജയമാണ് നമ്മുടെ കാലഘട്ടത്തിന്റെ ഒരു പ്രധാന സവിശേഷത.

മനുഷ്യൻ കേവലം പദാർഥം. ഭൗതികാതീതമായ ഒരു ലോകത്തെ കൂടി വിഭാവനം ചെയ്യുന്ന മതവും ആത്മീയതയും മിഥ്യ. അതിനാൽ അത് ചിന്താപരമായ പിന്തിരിപ്പത്തവും സാമൂഹിക പുരോഗതിക്ക് വിലങ്ങുതടിയുമാണ്. ഇതായിരുന്നു ഭൗതികവാദത്തിന്റെ അടിസ്ഥാന കാഴ്ചപ്പാട്.

അപ്പം കൊണ്ടു മാത്രം മനുഷ്യർക്ക് ജീവിക്കാനാവില്ലെന്ന് ഇപ്പോൾ ആധുനിക മനുഷ്യൻ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ ലോകത്തെല്ലായിടത്തും മതവും ആത്മീയതയും ഇന്ന് മനുഷ്യന്റെ ഒരു പ്രധാന അന്വേഷണ വിഷയമാണ്. ഭൗതികജീവിതരീതികളിൽ അഭിരമിക്കുന്ന മുതലാളിത്ത രാജ്യങ്ങളിലും ഭൗതികവാദത്തിന്റെ ഈറ്റില്ലമായിരുന്ന പഴയ കമ്യൂണിസ്റ്റ് രാജ്യങ്ങളിലും ഈ പ്രവണത ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇസ്‌ലാം, ക്രിസ്തുമതം, ബുദ്ധമതം, ഹിന്ദുമതം തുടങ്ങിയവക്കെല്ലാം ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകാര്യതയുടെ പശ്ചാത്തലമിതാണ്.

എന്നാൽ ഭൗതികവാദത്തിന്റെ പരാജയം സൃഷ്ടിച്ച ഈ ശൂന്യതയിൽ നവ ആത്മീയ പ്രസ്ഥാനങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരുതരം കപട ആത്മീയതയും അടുത്ത കാലത്തായി ശക്തിപ്പെട്ടുവരികയാണ്. മനുഷ്യന്റെ ചിന്താപരവും മാനസികവുമായ വളർച്ചയെ തുടർന്ന് കൂമ്പടഞ്ഞുപോയ പ്രാചീന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആധുനിക മാർക്കറ്റിംഗിന്റെയും മാനേജ്മെന്റിന്റെയും തന്ത്രമുപയോഗിച്ച് വിപണനം ചെയ്യലാണ് ഈ നവ ആത്മീയ പ്രസ്ഥാനങ്ങളുടെ പൊതുവായ സവിശേഷത.

പരമ്പരാഗത മതങ്ങളുടെ വിശ്വാസാചാരങ്ങളോടോ സാമൂഹിക ദൗത്യങ്ങളോടോ പ്രതിബദ്ധതയില്ലാത്ത ആൾദൈവങ്ങളെയും കൾട്ട് ഫിഗറുകളെയുമാണ് ഈ ആത്മീയ പ്രസ്ഥാനങ്ങൾ ഉൽപാദിപ്പിക്കുന്നത്. വിവിധ മതവിശ്വാസികളെ ആകർഷിക്കാനായി പല മതങ്ങളിൽനിന്നും കടമെടുത്ത വിശ്വാസാചാരങ്ങളും സാന്മാർഗിക സാരോപദേശങ്ങളുമാണ് പല ആൾദൈവങ്ങളും സ്വന്തമെന്ന നിലയിൽ പ്രചരിപ്പിക്കുന്നത്. ഒരുതരം മത സമന്വയവും സർവമത സത്യവാദവും പരോക്ഷമായി ഉയർത്തുന്നതു കാരണം മതേതര പ്രതിഛായയും ഇവർക്ക് ലഭിച്ചിട്ടുണ്ട്. വലിയ ആൾദൈവങ്ങൾക്ക് പുറമെ ഒട്ടേറെ ചെറുകിട ആൾദൈവങ്ങളുണ്ട്. കള്ളനും കൊള്ളക്കാരനും ഭ്രാന്തനും വരെ ആൾദൈവവും സിദ്ധനുമാണ്. ജ്യോത്സ്യം, മന്ത്രവാദം, ഉറുക്ക്, മാന്ത്രിക ഏലസ്സ്, ചാത്തൻ സേവ, ജിന്ന് സേവ തുടങ്ങിയവയെല്ലാം പ്രചരിക്കുകയാണ്.

ആത്മീയതയുടെ സാമൂഹികലക്ഷ്യത്തെ അവഗണിച്ച് അതിനെ വ്യക്തിനിഷ്ഠമായ അനുഭൂതിയിലും ആനന്ദത്തിലും സമാധാനത്തിലും പരിമിതപ്പെടുത്തുകയാണ് ആത്മീയ പ്രസ്ഥാനങ്ങൾ. ഭക്തന്മാർ ഈ നവ ആത്മീയാചാര്യന്മാരെയും കേന്ദ്രങ്ങളെയും ആശ്രയിക്കുന്നതും അവർ ഭക്തന്മാരെ അനുഗ്രഹിക്കുന്നതും പരലോക മോക്ഷത്തിനു വേണ്ടിയല്ല. ഭൗതികനേട്ടത്തിനു വേണ്ടിയാണ്. ആത്മീയത ഭൗതികമാകുന്ന മറിമായം.

ഭജനകളും ജീവനകലയും കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങളും മഖ്ബറകളും കപട ത്വരീഖത്തുകളും ഇൻസ്റ്റന്റ് പ്രാർഥനകളും പ്രാർഥനാ സമ്മേളനങ്ങളുമെല്ലാം പ്രതിനിധീകരിക്കുന്നത് കച്ചവടവത്കരിക്കപ്പെട്ട ആത്മീയതയെയാണ്. ആൾദൈവങ്ങൾക്ക് യാതൊരിടവും നൽകാത്ത ദാർശനിക ബലമുള്ള ഇസ്‌ലാമിൽ മഖ്ബറകളിലൂടെയും ജീവിതസ്പർശമില്ലാത്ത ത്വരീഖത്തുകളിലൂടെയുമാണ് ആത്മീയത വിപണനം ചെയ്യപ്പെടുന്നത്. പണ്ടില്ലാത്ത ഒട്ടേറെ ദർഗകളും മഖ്ബറകളും പുതുതായി സൃഷ്ടിക്കപ്പെട്ടതിന്റെയും സിയാറത്ത് ടൂർ എന്ന പുതിയൊരു ആത്മീയ തീർഥാടനം രൂപംകൊണ്ടതിന്റെയും ലക്ഷ്യവും കച്ചവടം തന്നെ.

കപട ആത്മീയതയുടെയും ആൾദൈവങ്ങളുടെയും പ്രചാരണത്തിലും പ്രശസ്തിയിലും ഒരു പ്രധാന പങ്ക് മാധ്യമങ്ങൾക്കുണ്ട്. ധ്യാനകേന്ദ്രങ്ങളുടെ രോഗശാന്തി ശുശ്രൂഷയും ആനന്ദോത്സവങ്ങളും ഭജനയും പുത്രകാമേഷ്ടി യാഗങ്ങളും ഉറൂസുകളും പ്രാർഥനാ സമ്മേളനങ്ങളും സ്പോൺസർ ചെയ്യാനും പരസ്യം ചെയ്യാനും മാധ്യമങ്ങൾ മത്സരിക്കുകയാണ്. പരസ്യങ്ങളിലൂടെ ലഭിക്കുന്ന വരുമാനത്തിലും ഭക്തന്മാരെ പ്രേക്ഷകരായും വരിക്കാരായും കിട്ടുന്നതിലുമാണ് മാധ്യമങ്ങളുടെ കണ്ണ്. ആൾദൈവങ്ങൾക്കും ധ്യാനകേന്ദ്രങ്ങൾക്കും ആത്മീയത മാർക്കറ്റ് ചെയ്യാൻ സ്വന്തമായി ചാനലുകളോ ചാനൽ പരിപാടികളോ ഉണ്ട്. മഖ്ബറകളുടെയും വലിയ്യുകളുടെയും പോരിശ വിവരിക്കുന്ന ടെലി ഫിലിമുകളും മ്യൂസിക് ആൽബങ്ങളുംവരെ ലഭ്യമാണ്!

## നവ ആത്മീയ പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയം

ആത്മീയതയുടെ സാമൂഹികമാനത്തെ നിരാകരിക്കുന്ന നവ ആത്മീയ പ്രസ്ഥാനങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും വലിയ അപകടം സമൂഹത്തിന്റെ അരാഷ്ട്രീയവൽക്കരണമാണ്. നിലനിൽക്കുന്ന അധീശത്വക്രമത്തിന്റെ അനീതിക്കും അക്രമത്തിനുമെതിരെ പ്രതികരിക്കാനും ചെറുത്തുനിൽക്കാനുമുള്ള യുവാക്കളുടെ സഹജവാസനയാണ് ആത്മനിഷ്ഠമായ ആത്മീയതയിൽ മയക്കി കിടത്തപ്പെടുന്നതോടെ നിർവീര്യമാക്കപ്പെടുന്നത്. ഈ അരാഷ്ട്രീയബോധം പ്രതിലോമ വലതുപക്ഷ രാഷ്ട്രീയത്തെയാണ് ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വം, ഫാഷിസം, വർഗീയത തുടങ്ങി മനുഷ്യരാശി ഇന്നഭിമുഖീകരിക്കുന്ന സമകാലിക രാഷ്ട്രീയ പ്രശ്നങ്ങളിൽ ആൾദൈവങ്ങൾക്കോ പുതുതായി രൂപം കൊണ്ട ത്വരീഖത്തുകൾക്കോ യാതൊരു നിലപാടും ഇല്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കിരാതമായ ലോകാധിപത്യ ശ്രമങ്ങളെ കുറിച്ച് യാതൊന്നും പറയാതെ സ്നേഹത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും അങ്ങേയറ്റം കാപട്യത്തോടെ വായ്ത്താരി ഉതിർക്കുന്നു ആൾദൈവങ്ങൾ.

രാഷ്ട്രീയത്തോട് യുവാക്കളിൽ പുഛവും വിരോധവും വളർത്താൻ ആൾദൈവങ്ങൾ തങ്ങളുടെ 'ഉദ്ബോധന'ങ്ങളിൽ ബോധപൂർവം ശ്രമിക്കുന്നുണ്ട്. 'രാഷ്ട്രീയം ചിലരുടെ തന്ത്രമാണ്. ഈ രോഗം ഒരിക്കലും നിങ്ങളിലേക്ക് പകരാതെ സൂക്ഷിക്കണം. കാരണം നിങ്ങൾക്ക് അതിനേക്കാൾ വലിയ ജോലി ചെയ്യാനുണ്ട്' എന്നാണ് ഒരു വൻകിട ആൾദൈവം ഒരിക്കൽ യുവാക്കളെ ഉപദേശിച്ചത്.

സാമ്രാജ്യത്വത്തിനെതിരെ ലോകവ്യാപകമായി ചെറുത്തുനിൽപ് നടത്തുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ആത്മീയത കൈമോശം വന്നവരായി വിലയിരുത്തുന്ന ചില ത്വരീഖത്തുകാരുടെ നിലപാടും ഇതിനോട് ചേർത്തു വായിക്കുക. അടുത്ത കാലത്തായി മുളച്ചുപൊങ്ങിക്കൊണ്ടിരിക്കുന്ന ത്വരീഖത്തുകളുടെ പിറകിലെ സാമ്രാജ്യത്വ ഫണ്ടിംഗും സംശയിക്കപ്പെടണം. സിറിയൻ വംശജനായ ശൈഖ് ഖബ്ബാനി എന്നൊരാൾ ഏതാനും വർഷങ്ങൾക്കു മുമ്പ് ഒരു ത്വരീഖത്തുമായി അമേരിക്കയിൽ അവതരിച്ചതിന്റെ പിറകിലെ സാമ്രാജ്യത്വ ഫണ്ടിംഗിനെക്കുറിച്ച് അവിടത്തെ മുസ്‌ലിം മാധ്യമങ്ങളിൽ ചൂടുള്ള ചർച്ച നടന്നിരുന്നു. അമേരിക്കയിലെ മുസ്‌ലിം കൂട്ടായ്മയെ ശിഥിലീകരിക്കുന്ന ദൗത്യമായിരുന്നു ഖബ്ബാനിയുടേത് എന്നാണ് ആരോപിക്കപ്പെട്ടത്. മുസ്‌ലിം മനസ്സ് വായിക്കാനും മാറ്റിമറിക്കാനും യു.എസ് ഭരണകൂടം ചുമതലപ്പെടുത്തിയ റാന്റ് കോർപറേഷൻ, ബർനഡ് ലെവിസിനെ പോലുള്ള ഗ്രന്ഥകാരന്മാരെ മാത്രമല്ല വിൽക്കാൻ തയാറായി നിൽക്കുന്ന ആത്മീയവേഷങ്ങളെയും ലക്ഷ്യമിടുന്നതിന്റെ സൂചനകളുണ്ട്. ഇറാഖിലെ യു.എസ് അംബാസഡർ സൽമയ് ഖലീൽ സാദിന്റെ ഭാര്യ മുസ്‌ലിം ആത്മീയ സരണികളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലേഖനമെഴുതിയത് ഒന്നും കാണാതെയല്ല.

കരിസ്മാറ്റിക് ധ്യാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ ഇവാഞ്ചലിസ്റ്റുകൾ പ്രത്യക്ഷത്തിൽതന്നെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ വക്താക്കളാണ്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനെയും അവരുടെ വിദേശനയത്തെയും ഇവർ സ്വാധീനിക്കുന്നു. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിനെതിരെയും ഇറാൻ വേട്ടക്കെതിരെയും ഉയരുന്ന പൊതുജനാഭിപ്രായത്തിനു മുമ്പിൽ പിടിച്ചുനിൽക്കാൻ ബുഷിന് കരുത്തു നൽകുന്നത് അവരാണ്. ബുഷിന്റെ അക്രമാസക്ത വിദേശനയവും ഭീകരതാവിരുദ്ധ യുദ്ധവും രൂപപ്പെടുത്തിയ നവയാഥാസ്ഥിതികർ മുഴുവൻ ഇവാഞ്ചലിസ്റ്റ് ഗ്രൂപ്പുകാരാണ്. കോടിക്കണക്കിന് ഡോളറിന്റെ ആസ്തിയുള്ളവരും ആയുധങ്ങളും ഔഷധങ്ങളും തുടങ്ങി ലഹരി വസ്തുക്കൾ വരെയുള്ളവയുടെ ആഗോള വിപണനത്തിലെ പരോക്ഷ പങ്കാളികളുമാണ് ഇവാഞ്ചലിസ്റ്റ് നേതാക്കൾ.

സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് രാഷ്ട്രീയത്തെ പരോക്ഷമായി ചില ആൾദൈവങ്ങൾ പിന്തുണക്കുന്നുണ്ട്. അവർക്ക് സംരക്ഷണവലയം തീർക്കുന്നതും അവരുടെ പ്രമോട്ടർമാരാകുന്നതും സംഘ്പരിവാറിന്റെ വക്താക്കളാണ്.

കേരളത്തിലെ പല ആൾദൈവങ്ങളുടെയും പ്രധാന ശിഷ്യന്മാർ വിദേശികൾ പ്രത്യേകിച്ച് അമേരിക്കക്കാരാണ്. ഇവർ പ്രത്യക്ഷത്തിൽ ശിഷ്യന്മാരാണെങ്കിലും യഥാർഥത്തിൽ അവരുടെ ഉപദേഷ്ടാക്കളോ മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകളോ ആണ്.

ആൾദൈവങ്ങളുടെ കൂടെയുള്ള അഭൂതപൂർവമായ വിദേശസാന്നിധ്യവും അവരുടെ രാഷ്ട്രീയത്തെ സംശയിക്കാനുള്ള ന്യായമാണ്.

## എന്താണ് യഥാർഥ ആത്മീയത?

മനുഷ്യജീവിതത്തെ ജീവസ്സുറ്റതാക്കുന്ന ചൈതന്യമാണ് ആത്മീയത. വലിയൊരു സാമൂഹിക ലക്ഷ്യത്തിനുവേണ്ടി മനുഷ്യനെ ആന്തരികമായും ബാഹ്യമായും ശുദ്ധീകരിക്കുന്ന നിരന്തര പ്രക്രിയയാണത്. മതങ്ങളിലെല്ലാം നിർദേശിക്കപ്പെട്ടിട്ടുള്ള ഉപാസനയിലൂടെയാണ് ഈ ശുദ്ധീകരണ പ്രക്രിയ നടക്കുന്നത്. ഉപാസനയും അതിലൂടെ ഉത്ഭൂതമാകുന്ന ആത്മീയതയും കേവലം ലക്ഷ്യങ്ങളല്ല. സമൂഹരചനയുടെ അടിത്തറയാണത്. പാതിരാവിൽ ധ്യാനനിമഗ്നനായ സന്ന്യാസി, പകലിൽ അശ്വഭടൻ എന്നതാണ് ആത്മീയതയുടെ പ്രകാശനം.

ആത്മീയത സമൂഹരചനയുടെ അടിത്തറയാകുമ്പോൾ അത് വ്യക്തിനിഷ്ഠതലത്തിൽ പരിമിതമല്ല. അതിന് സാമ്പത്തിക സാമൂഹിക രാഷ്ട്രീയ മാനങ്ങളുണ്ട്. ഇത് അവഗണിക്കുന്ന ആത്മീയത അപൂർണമാണ്. നീതിനിഷേധിക്കപ്പെട്ടവന്റെ മുമ്പിൽ അവകാശസംരക്ഷണമായും അടിമയുടെ മുമ്പിൽ സ്വാതന്ത്ര്യമായും അവഗണിക്കപ്പെട്ടവന്റെ മുമ്പിൽ സമുദ്ധാരണമായും വിശക്കുന്നവന്റെ മുമ്പിൽ ആഹാരമായും രോഗിയുടെ മുമ്പിൽ സമാശ്വാസമായും അത് പരിലസിക്കണം. പ്രവാചകന്മാരിലൂടെയാണ് ഈ ആത്മീയത മനുഷ്യസമൂഹം പരിചയപ്പെട്ടത്. പരമസത്യത്തെ അറിയുകയും കണ്ടെത്തുകയുമാണ് ആത്മീയത. അതിന് കുറുക്കുവഴികൾ പ്രവാചകന്മാർ പഠിപ്പിച്ചിട്ടില്ല. പഠിപ്പിച്ചത് മുകളിൽ പറഞ്ഞ ബഹുമുഖമായ വഴികളാണ്. 'വിശക്കുന്നവന് ആഹാരവും ദാഹിക്കുന്നവന് വെള്ളവും കൊടുക്കുകയും രോഗിയെ സന്ദർശിക്കുകയും ചെയ്താൽ എന്നെ നിനക്ക് അവിടെ കാണാം' എന്ന് അല്ലാഹു പറഞ്ഞതായുള്ള പ്രശസ്തമായ ഹദീസ് ആത്മീയതയുടെ വ്യത്യസ്ത മാനങ്ങളെയാണ് പ്രകാശിപ്പിക്കുന്നത്.

ചരിത്രത്തിൽ കഴിഞ്ഞുപോയ പ്രവാചകന്മാർ ആത്മീയതയെ സ്വകാര്യ ആഹ്ലാദമോ അനുഭൂതിയോ ആക്കി മാറ്റിയവരോ അതിലൂടെ ഭക്തന്മാരെ ചൂഷണം ചെയ്തവരോ ആയിരുന്നില്ല. അവർ ആർജിച്ച ആത്മീയ ഗുണങ്ങൾ അവരെ സമൂഹത്തോട് പ്രതിബദ്ധതയുള്ളവരാക്കി മാറ്റി. എന്നാൽ നിഗൂഢ ആത്മീയവാദികൾ വ്യക്തിയെ കൂടുതൽ സങ്കോചിപ്പിക്കുകയും പ്രപഞ്ചത്തിലെ അവന്റെ യഥാർഥ സ്ഥാനത്തുനിന്നും സമൂഹത്തിൽ അവൻ നിർവഹിക്കേണ്ട ദൗത്യത്തിൽനിന്നും അവനെ അകറ്റിക്കൊണ്ടുപോവുകയും ചെയ്തു. പ്രവാചകനും മിസ്റ്റിക്കും തമ്മിലുള്ള ഈ വ്യത്യാസം പ്രമുഖ സ്വൂഫി അബ്ദുൽ ഖുദ്ദൂസ് ഗങ്കോയിയുടെ വാക്കുകളിൽ: 'അറേബ്യയിലെ മുഹമ്മദ് അത്യുന്നത ആകാശങ്ങളിലേക്ക് ഉയരുകയും ഭൂമിയിലേക്ക് തിരിച്ചുവരികയും ചെയ്തു (പ്രവാചകന്റെ മിഅ്റാജ് ഉദ്ദേശ്യം). ദൈവമാണ! ഞാനായിരുന്നു അവിടെ എത്തിയിരുന്നതെങ്കിൽ ഒരിക്കലും തിരിച്ചുപോരുമായിരുന്നില്ല.'

പ്രവാചകന്മാർ സ്വന്തം വ്യക്തിത്വത്തിന്റെ വിഭവശേഷികളുപയോഗിച്ച് ചരിത്രത്തിലേക്ക് വികസിക്കുകയും ചരിത്രം സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ മിസ്റ്റിക്കിന്റെ ആത്മീയത സ്വന്തം തോടിലേക്കുള്ള തിരിച്ചുപോക്കാണ്. ഉണ്മയുടെ അഭയസ്ഥാനങ്ങൾക്കപ്പുറം മിസ്റ്റിക്കിന് അജണ്ടയില്ല.

പ്രവാചകന്മാരുടെ ആത്മീയത എല്ലാ പാരതന്ത്ര്യങ്ങളിൽനിന്നും ഭയദുഃഖങ്ങളിൽനിന്നുമുള്ള മനുഷ്യന്റെ മോചനമാണ്. മനുഷ്യരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെക്കുകയും അവരെ കുരുക്കിയിട്ട ചങ്ങലകൾ അഴിച്ചുമാറ്റുകയും ചെയ്തവരായിരുന്നുവല്ലോ പ്രവാചകന്മാർ. നിരാലംബരും ദുർബലരുമായ സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി എന്തുകൊണ്ട് ദൈവമാർഗത്തിൽ സമരം ചെയ്യുന്നില്ല എന്നാണ് വിശുദ്ധ ഖുർആൻ നമ്മോട് ചോദിക്കുന്നത്. ദൈവമാർഗത്തിലുള്ള ജീവിതമെന്നാൽ അടിമകളെ മോചിപ്പിക്കലും അഗതികൾക്ക് ആഹാരം നൽകലുമാണെന്നും വേദഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. ആത്മീയതയുടെ വിമോചനപരവും സാമൂഹികവുമായ ഈ ഉള്ളടക്കം നെഞ്ചിലേറ്റിയതുകൊണ്ടാണ് പ്രവാചകന്മാർ തങ്ങൾ

ജീവിച്ച ചരിത്രസന്ദർഭത്തിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളിലെല്ലാം സജീവമായി ഇടപെട്ടത്. ഈ സാമൂഹിക ഇടപെടലിന്റെ പ്രചോദനം മാത്രമായിരുന്നില്ല അവരുടെ ആത്മീയത. ഇഹലോകത്ത് ക്ഷേമവും പരലോകത്ത് മോക്ഷവും പ്രദാനം ചെയ്യാനുള്ള സാമൂഹികക്രമമായിരുന്നു അത്. അധികാരി വർഗവും പൗരോഹിത്യവും അടിച്ചേൽപിച്ച പാരതന്ത്ര്യത്തിനെതിരെയുള്ള ഇബ്റാഹീം നബിയുടെ പോരാട്ടവും ഫറോവയുടെ മർദക സമഗ്രാധിപത്യത്തിൽനിന്നുള്ള മൂസായുടെ വിമോചന സമരവും സാമ്പത്തിക ചൂഷണത്തിനെതിരെയുള്ള ശുഐബ് നബിയുടെ ഉറച്ച നിലപാടും ലൈംഗിക അരാജകത്വത്തിനെതിരെയുള്ള ലൂത്വിന്റെ ശബ്ദവും പൊങ്ങച്ച നാട്യങ്ങൾക്കും സുഖലോലുപതക്കുമെതിരെ ഹൂദ് നബിയും സ്വാലിഹ് നബിയും ഉയർത്തിയ ശക്തമായ വിമർശനവും മതാനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും യാന്ത്രികമാക്കിയ പുരോഹിതന്മാരോടും അവരുടെ തണലിൽ തടിച്ചുകൊഴുത്ത പ്രമാണിമാരോടുമുള്ള യേശുവിന്റെ പ്രതിഷേധവും മുഹമ്മദ് നബിയുടെ സമ്പൂർണ വിപ്ലവവുമെല്ലാം സാമൂഹികപ്രതിബദ്ധതയിലൂന്നിയ ആത്മീയതയുടെ പ്രകാശനങ്ങളായിരുന്നു.

ധർമരക്ഷാർഥം അവതാരമെടുത്തതായി വിശ്വസിക്കപ്പെടുന്ന ശ്രീകൃഷ്ണനോട് എന്തിനുവേണ്ടി ധർമം രക്ഷിക്കണം എന്ന ചോദ്യത്തിനു നൽകിയ മറുപടി 'പരിത്രാണായ സാധൂനാ' (സാധുപരിരക്ഷക്കുവേണ്ടി ധർമം പരിരക്ഷിക്കണം) എന്നായിരുന്നു. മഹാഭാരതയുദ്ധം സാധുപരിരക്ഷക്കുവേണ്ടി നടത്തിയ പോരാട്ടമാണെന്നാണ് ഗീതയുടെ ഭാഷ്യം. തങ്ങൾക്കുകൂടി അവകാശപ്പെട്ട രാജ്യത്ത് സൂചി കുത്താനുള്ള ഇടം പോലും ധർമപുത്രർക്ക് നൽകുകയില്ലെന്ന കൗരവ പക്ഷത്തിന്റെ ദുർവാശിയായിരുന്നുവല്ലോ മഹാഭാരത യുദ്ധത്തിലേക്ക് നയിച്ചത്.

ബുദ്ധന്റെയും ജിനന്റെയും ആത്മീയത ചാതുർവർണ്യത്തിനും ജാതീയ ഉച്ചനീചത്വങ്ങൾക്കുമെതിരെയുള്ള കലാപമായിരുന്നു. ആധുനിക കാലത്തെ വലിയ ആത്മീയ വ്യക്തിത്വങ്ങളായി അറിയപ്പെട്ട ഗാന്ധിജിയുടെയും നാരായണ ഗുരുവിന്റെയും ആത്മീയതക്കും സാമൂഹിക, രാഷ്ട്രീയ മാനങ്ങളുണ്ട്. സാമ്രാജ്യത്വത്തിൽനിന്നുള്ള ജനതയുടെയും രാജ്യത്തിന്റെയും വിമോചന പോരാട്ടത്തിലൂടെയുമാണ് ഗാന്ധിജി ആത്മീയത പ്രകാശിപ്പിച്ചത്. നാരായണഗുരുവിന്റെ ആത്മീയത സാമൂഹികനീതിക്കും അവസരസമത്വത്തിനും വേണ്ടിയുള്ള പോരാട്ടമായിരുന്നു.

ഇസ്‌ലാമിലെ ആത്മീയധാരയായി അറിയപ്പെട്ട, കാലക്രമത്തിൽ ഒട്ടേറെ ജീർണതകൾക്ക് വളമായിത്തീർന്ന സ്വൂഫിസത്തിനും വിമോചനത്തിന്റെ ആയുധമായ ഒരു ചരിത്രമുണ്ട്. ഭരണകൂടത്തിന്റെ അടിച്ചമർത്തലുകൾക്കും കൊട്ടാര പണ്ഡിതന്മാരുടെയും പ്രമാണി വർഗത്തിന്റെയും ചൂഷണങ്ങൾക്കും അധികാരിവർഗത്തിന്റെയും ആസ്ഥാന പണ്ഡിതന്മാരുടെയും കൈയിൽ മതാനുഷ്ഠാനങ്ങളും മതനിയമങ്ങളും യാന്ത്രികമായി മാറിയതിനും എതിരെയുള്ള നിശ്ശബ്ദ പ്രതിഷേധമായിരുന്നു സ്വൂഫിസം. ഭരണകൂടത്തിന്റെ കൊള്ളരുതായ്മകളെ സിവിൽ സമൂഹത്തിന്റെ സമ്മർദം വളർത്തിക്കൊണ്ടുവന്ന് പ്രതിരോധിക്കുന്ന പ്രതിപക്ഷ രാഷ്ട്രീയത്തിന്റെ പരോക്ഷ റോളാണ് ആദ്യകാലത്ത് അവർ നിർവഹിച്ചത്. ആത്മീയതയെ അണ്ടർഗ്രൗണ്ട് രാഷ്ട്രീയ പ്രവർത്തനത്തിന്റെ സുരക്ഷാ കവചമാക്കി മാറ്റി അവർ. ഭരണകൂടത്തിൽനിന്നും ഭരണകൂട ഉപകരണങ്ങളായ ധനികവർഗത്തിൽനിന്നും കൊട്ടാര പണ്ഡിതന്മാരിൽനിന്നും അവർ അകലം പാലിച്ചു. ഭരണാധികാരികളുടെയും പ്രമാണിമാരുടെയും സൗജന്യം സ്വീകരിക്കുന്നത് കഠിനമായി വിലക്കി. പൊതുസ്ഥലങ്ങളിൽ സർക്കാർ സ്ഥാപിച്ച വിളക്കുകൾ പ്രയോജനപ്പെടുത്തുന്നതിൽനിന്നുപോലും അവർ വിട്ടുനിന്നു. ഹസൻ ബസ്വരി, അബ്ദുൽ ഖാദിർ ജീലാനി, ഇന്ത്യയിലെ ഖാജാ മുഈനുദ്ദീൻ ഛിഷ്തി, നിസാമുദ്ദീൻ ഔലിയാ, അഹ്മദ് സർഹിന്ദി തുടങ്ങിയവർ ഈ ധാരയെ പ്രതിനിധീകരിച്ചവരാണ്.

കേരളത്തിൽ മുസ്‌ലിം ആത്മീയാചാര്യന്മാരായി കൊണ്ടാടപ്പെട്ട ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ, രണ്ടാമൻ, മമ്പുറം സയ്യിദ് അലവി തങ്ങൾ, സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, ഉമർ ഖാദി, ആലി മുസ്‌ലിയാർ തുടങ്ങിയവർ പള്ളി ദർസുകളിൽ ചൊല്ലിപ്പഠിപ്പിച്ചതും പള്ളി മിമ്പറുകളിൽനിന്ന് ഉദ്ബോധിപ്പിച്ചതും കർമശാസ്ത്രത്തിന്റെ പാഠങ്ങളും ദിക്റുകളും മാത്രമായിരുന്നില്ല, സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായി സമരകാഹളം മുഴക്കാൻ കൂടിയായിരുന്നു. അൾജീരിയയിൽ ഫ്രഞ്ച് അധിനിവേശത്തിനെതിരെ സമരം ചെയ്ത അബ്ദുൽ ഖാദിർ ജസാഇരി, ലിബിയയിൽ ഇറ്റാലിയൻ അധിനിവേശത്തിനെതിരെ പൊരുതിയ സനൂസി, ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ സായുധ ജിഹാദ് നടത്തിയ സയ്യിദ് അഹ്മദ് ശഹീദ് തുടങ്ങിയവരും സ്വൂഫി പാരമ്പര്യമുള്ളവരാണ്. ഇവരാരും അന്ധവിശ്വാസം പ്രചരിപ്പിച്ചവരോ ആത്മീയത വിപണനം ചെയ്തവരോ അല്ല.

ഇബ്നു അറബിയെയും അബ്ദുൽ കരീം ജീലിയെയും പോലുള്ള സ്വൂഫികൾ ദൈവശാസ്ത്രത്തിന്റെ അകംപൊരുളിനെ ദാർശനികമായി വ്യാഖ്യാനിക്കാൻ നടത്തിയ ശ്രമങ്ങളാണ് മുസ്‌ലിംകൾക്കിടയിലെ ആത്മീയതയെ വ്യക്തിനിഷ്ഠവും നിഗൂഢവുമാക്കി മാറ്റിയത്. സ്വൂഫിസത്തിന്റെ പേരിൽ ഉണ്ടായ പിൽക്കാല ജീർണതകൾക്കെല്ലാം കാരണം ഈ നിഗൂഢവത്കരണമത്രെ.

ആത്മീയതയെ വ്യക്തിനിഷ്ഠമാക്കി മതത്തെയും ആത്മീയതയെയും വ്യാപാരവത്കരിച്ച നവ ആത്മീയ പ്രവണതകൾ അതിന്റെ ഘടനയിലും ഉള്ളടക്കത്തിലും പുതിയതല്ല. ശൈലിയിൽ മാത്രമേ പുതുമയുള്ളൂ. ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും പ്രവാചക മതങ്ങളെ ഹൈജാക്ക് ചെയ്ത പുരോഹിത മതത്തിന്റെ തുടർച്ച മാത്രമാണിവ. മതത്തെ ജീവിതത്തിൽനിന്ന് അടർത്തിമാറ്റി അതിന്റെ സാമൂഹിക പ്രതിബദ്ധതയും വിമോചനമുഖവും ചോർത്തിക്കളയുക, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ആത്മീയതയെ പരിമിതപ്പെടുത്തി അക്കാര്യത്തിൽ മനുഷ്യർക്കും ദൈവത്തിനുമിടയിൽ ഇടയാളരായി വർത്തിച്ച് പണം പിടുങ്ങുക, അധികാരിവർഗത്തിന്റെയും പണക്കാരുടെയും അക്രമത്തിനും ചൂഷണത്തിനുമെതിരെ സമൂഹത്തിൽനിന്ന് എതിർശബ്ദം ഉയരാത്തവിധം ജനങ്ങളെ വ്യക്തിനിഷ്ഠമായ ആത്മീയാനുഭൂതിയിലും ആഹ്ലാദത്തിലും തളച്ചിടുക, ജനങ്ങളുടെ ചിന്താശേഷിയെയും യുക്തിബോധത്തെയും കെടുത്തിക്കളഞ്ഞ് അവരുടെ മേൽ അധീശത്വം സ്ഥാപിക്കുക ഇത്രയുമാണ് പുരോഹിതമതങ്ങൾ കാലാകാലങ്ങളായി ചെയ്തുകൊണ്ടിരുന്നത്. ഇതുതന്നെയാണ് കൂടുതൽ ശക്തവും ഫലപ്രദവുമായ രീതിയിൽ നമ്മുടെ കാലത്തെ ആൾദൈവങ്ങളും കൾട്ട് ഫിഗറുകളും സിദ്ധന്മാരും ചെയ്തുകൊണ്ടിരിക്കുന്നത്. ഭക്തിയുടെ പേരിൽ മനുഷ്യനെ അടിമയാക്കി, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും വിവേചനബോധവും ഉള്ള മനുഷ്യനെന്ന നിലക്കുള്ള അവന്റെ പദവിയെയും മഹത്വത്തെയും ഇടിച്ചുതാഴ്ത്തുകയാണ് യഥാർഥത്തിൽ ആൾദൈവങ്ങൾ ചെയ്യുന്നത്.

ktmhussain@yahoo.co.in